മുനിസിപ്പാലിറ്റി	ആവശ്യം	അനുവദിച്ച തുകയും വർഷവും	
1. ആലപ്പുഴ	കോളറ നിർമ്മാർജ്ജനം	10 ലക്ഷം രൂപ	1996-97
2. കായംകുളം	കോളറ നിർമ്മാർജ്ജനം	5 ലക്ഷം രൂപ	1996-97
3. ആലപ്പുഴ			
4. കായംകുളം			
5. ചേർത്തല			
6. മാവേലിക്കര			
7. ചെങ്ങന്നൂർ	ജപ്പാൻ ജ്വര നിർമ്മാർജ്ജനം	1 ലക്ഷം രൂപ	
8. കോട്ടയം		വീതം	1996-97
9. ചങ്ങനാശ്ശേരി			
10. വൈക്കം			
11. പാലാ			

346 (1539) മാലിന്യ സംസ്ക്കരണത്തിന് സാമ്പത്തികസഹായം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗര പ്രദേശങ്ങളിലെ ഖരമാലിന്യ സംസ്ക്കരണത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതിന് സാമ്പത്തികസഹായം ഏതെല്ലാം മേഖലയിൽനിന്നാണ് ലഭിക്കുന്നത്;

(സി) ഇപ്പോൾ ഏതെല്ലാം സ്ഥലങ്ങളിലാണ് പദ്ധതികൾ ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഇവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

ഉത്തരം

(എ) ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നഗരഖര മാലിന്യത്തിൽനിന്ന് ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനുള്ള വിവിധ രീതികൾ നിലവിലുണ്ട്. കോഴിക്കോട്, തിരുവനന്തപുരം, പാലക്കാട്, ഗുരുവായൂർ എന്നീ നഗരസഭകൾ ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിനുപുറമെ കൊച്ചിയിൽ ജർമ്മൻ സഹായത്തോടെ നഗരമാലിന്യത്തിൽനിന്ന് വൈദ്യുതിയും കമ്പോസ്റ്റും നിർമ്മിക്കുന്നതിനുള്ള ഒരു പൈലറ്റ് പ്രോജക്ടിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്. ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിൽ സ്വകാര്യ മേഖലയുടെ സഹായം തേടുന്നതിനുള്ള നിർദ്ദേശങ്ങളും സർക്കാർ പരിഗണിച്ചുവരുന്നു.

(ബി) നഗര സഭയുടെ ജൈവവള പദ്ധതികൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. കൂടാതെ ഹഡ്കോ, കേരള നഗര വികസന ധനകാര്യ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായവും ലഭ്യമാണ്.

(സി) മെ. എക്സെൽ ഇൻഡസ്ട്രീസിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്ലാന്റ് കോഴിക്കോട് നഗരസഭയിൽ സ്ഥാപിച്ചുവരുന്നു. ഇത്തരത്തിലുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് തിരുവനന്തപുരം നഗരസഭ നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് നഗരസഭയിൽ കർണ്ണാടക കമ്പോസ്റ്റ് ഡെവലപ് കോർപ്പറേഷന്റെ പ്ലാന്റിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൊച്ചി, കൊല്ലം, തൃശ്ശൂർ, കണ്ണൂർ നഗരസഭകളും ചവറുസംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മെ. സേഫ്മോട്ടോഴ്സ് രൂപകൽപ്പന ചെയ്തിട്ടുള്ള പ്ലാന്റ് ഗുരുവായൂർ നഗരസഭയിൽ സ്ഥാപിച്ചുവരുന്നു.

(ഡി) മെ.എക്സൽ ഇൻഡസ്ട്രീസിന്റെ പ്ലാന്റ് നിർമ്മാണം കോഴിക്കോട് നഗരസഭകളിലും സേഫ് മോട്ടോഴ്സിന്റെത് ഗുരുവായൂരും അവസാന ഘട്ടത്തിലാണ്.

347 (1540) നഗരമാലിന്യം നിക്ഷേപിക്കുന്നതിന് ഡസ്റ്റുബിൻ

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ഖരമാലിന്യം നിക്ഷേപിക്കുന്നതിനുള്ള എത്ര ലോഹ ഡസ്റ്റുബിൻ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇവയിൽ നിക്ഷേപിക്കുന്ന ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ആഴ്ചകളും മാസങ്ങളുമായി ഈ ലോഹ ഡസ്റ്റുബിന്നുകളിൽ നിക്ഷേപിച്ചിട്ടുള്ള ഖരമാലിന്യങ്ങൾ നീക്കം ചെയ്യാത്ത സംഭവം ഉണ്ടായിട്ടുണ്ടോ;

(ഡി) പൂജപ്പുര രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിൽ വച്ചിട്ടുള്ള ലോഹ ഡസ്റ്റുബിന്നുകളിലെ ഖരമാലിന്യം നീക്കം ചെയ്തിട്ടെത്ര കാലമായി;

(ഇ) ഇവിടെ ഇത്തരം ഡസ്റ്റുബിന്നുകൾ നിറയുമ്പോൾ അതിനു ചുറ്റും നിക്ഷേപിക്കുന്ന ഖരമാലിന്യങ്ങൾ അവിടെയിട്ടുതന്നെ കത്തിക്കാറുണ്ടോ; എങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(എഫ്) പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ ഇപ്രകാരം കത്തിക്കുന്നത് അവിടെ ഫ്ളാറ്റുകളിൽ തിങ്ങിത്താമസിക്കുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ അവിടെവച്ച് ഖരമാലിന്യങ്ങൾ കത്തിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) പബ്ലിക് ടാപ്പുകളുടെയും മറ്റ് പൊതു സ്ഥാപനങ്ങളുടേയും തൊട്ടടുത്ത് സ്ഥാപിച്ചിട്ടുള്ള ഇത്തരം ഡസ്റ്റുബിന്നുകൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധം മാറ്റിസ്ഥാപിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 216 ലോഹ കണ്ടയിനറുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഖരമാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് സ്വന്തമായി സ്ഥലം ഇല്ലാത്തതുകൊണ്ട് കൃഷി ആവശ്യത്തിനായി സ്വകാര്യവ്യക്തികൾ ആവശ്യപ്പെടുന്ന സ്ഥലത്ത് അവ നിക്ഷേപിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ഇവ കാലാകാലങ്ങളിൽ നീക്കം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly